**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2169** **12-02-2024 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്നും മദ്യപാനവും മൂലമുള്ള കുറ്റകൃത്യങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കുമരുന്ന്, മദ്യപാനം എന്നിവ മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | മയക്കമരുന്ന് വിപത്ത് ഇന്ന് രാജ്യത്താകെ വർദ്ധിച്ചു വരുന്ന സാഹചര്യമാണ്. ഇതിനെതിരെ സംസ്ഥാനം വലിയ പ്രതിരോധമാണ് തീർക്കുന്നത്. രാജ്യത്ത് ഇത്തരം കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിന്റെ അനുരണനം എന്ന നിലയിൽ സംസ്ഥാനത്തും നേരിയ തോതിലുള്ള വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>മയക്ക മരുന്ന് ഉൽപ്പാദനം, വിതരണം, ഉപഭോഗം എന്നിവ തടയുന്നതിനായി സംസ്ഥാനത്ത് ഒരു Anti Narcotic Task Force (ANTF) ഉം ജില്ലാ തലത്തിൽ District Anti-Narcotic Special Action Force (DANSAF) ഉം പ്രവർത്തിച്ചു വരുന്നു. പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചു വരുന്ന മയക്കമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്ക മരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി 'യോദ്ധാവ്' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അന്തർ സംസ്ഥാന ബന്ധങ്ങൾ ഉള്ള മയക്കമരുന്ന് കേസുകൾ ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറി അന്വേഷണം നടത്തി വരുന്നു.<br><br>മയക്കമരുന്ന്, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ, ലൈംഗിക വ്യാപാരം, മോഷ്ടിച്ച ഡാറ്റ, വ്യാജ ഐഡന്റിറ്റികൾ, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധമായ ചരക്കുകളും സേവനങ്ങളും വാങ്ങാനും വിൽക്കാനും കഴിയുന്ന വിവിധ അധോലോക വിപണികളുടെ കേന്ദ്രമാണ് ഡാർക് വെബ്. ഡാർക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി കേരള പോലീസ് സൈബർ ഡോം Grapnel എന്ന സോഫ്റ്റ്‌വെയർ സൗജന്യമായി |

| | | | |
|---|---|---|---|
| | | | വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡാർക് വെബിലൂടെ നടക്കുന്ന മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കണ്ടെത്തുവാനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്തുവാനും സൈബർ പോലീസ് വിഭാഗത്തിന് സാധിക്കും. |
| (ബി) | ഇത്തരം കേസ്സുകൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | മയക്കുമരുന്ന് വിപത്ത് ഇന്ന് രാജ്യത്താകെ വർദ്ധിച്ചു വരുന്ന സാഹചര്യമാണ്. ഇതിനെതിരെ സംസ്ഥാനം വലിയ പ്രതിരോധമാണ് തീർക്കുന്നത്. രാജ്യത്ത് ഇത്തരം കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിന്റെ അനുരണനം എന്ന നിലയിൽ സംസ്ഥാനത്തും നേരിയ തോതിലുള്ള വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>മയക്കു മരുന്ന് ഉൽപ്പാദനം, വിതരണം, ഉപഭോഗം എന്നിവ തടയുന്നതിനായി സംസ്ഥാനത്ത് ഒരു Anti Narcotic Task Force (ANTF) ഉം ജില്ലാ തലത്തിൽ District Anti-Narcotic Special Action Force (DANSAF) ഉം പ്രവർത്തിച്ചു വരുന്നു. പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചു വരുന്ന മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കു മരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി 'യോദ്ധാവ്' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അന്തർ സംസ്ഥാന ബന്ധങ്ങൾ ഉള്ള മയക്കുമരുന്ന് കേസുകൾ ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറി അന്വേഷണം നടത്തി വരുന്നു.<br><br>മയക്കുമരുന്ന്, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ, ലൈംഗിക വ്യാപാരം, മോഷ്ടിച്ച ഡാറ്റ, വ്യാജ ഐഡന്റിറ്റികൾ, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധമായ ചരക്കുകളും സേവനങ്ങളും വാങ്ങാനും വിൽക്കാനും കഴിയുന്ന വിവിധ അധോലോക വിപണികളുടെ കേന്ദ്രമാണ് ഡാർക് വെബ്. ഡാർക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി കേരള പോലീസ് സൈബർ ഡോം Grapnel എന്ന സോഫ്റ്റ്‌വെയർ സൗജന്യമായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡാർക് വെബിലൂടെ നടക്കുന്ന മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കണ്ടെത്തുവാനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്തുവാനും സൈബർ പോലീസ് വിഭാഗത്തിന് സാധിക്കും. |
| (സി) | മദ്യ-മയക്കുമരുന്ന് സംഘങ്ങളിൽ നിന്നും പോലീസുകാർക്കെതിരെ അക്രമങ്ങൾ വർദ്ധിച്ച് | (സി) | പോലീസുകാർക്കെതിരെ അക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം നമ്മുടെ |

| | | | |
|---|---|---|---|
| | വരുന്ന സാഹചര്യത്തിൽ ഇവർക്ക് മതിയായ സുരക്ഷാ ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ? | | സംസ്ഥാനത്തില്ല. പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി അത്യാധുനിക സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കി പോലീസ് സേനയെ സജ്ജീകരിച്ചിട്ടുണ്ട്. ഏത തരത്തിലുള്ള അക്രമത്തേയും നേരിടാനുതകുന്ന രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സംവിധാനമാണ് ഇന്ന് സംസ്ഥാനത്തുള്ളത്. |

സെക്ഷൻ ഓഫീസർ